Draft #1 of File 137316/AC B7-3/2021/VC SECTION Approved by ASSISTANT REGISTRAR IV (ACADEMIC) on 13-Oct-2021 03:08 PM - Page 1

150 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സർവ്വകലാശാലയിലെ പഠന വകുപ്പായ സ്കൂൾ ഓഫ് ലെറ്റേഴ്സിൽ നടത്തുന്ന എം.എ ഇംഗ്ലീഷ്, എം.എ മലയാളം പ്രോഗ്രാമുകളിലേക്ക് വിവരണാത്മക പരീക്ഷ ഒഴിവാക്കി ഒബ്ജക്റ്റിവ് പരീക്ഷയുടെയും ഓൺലൈൻ വാചാപരീക്ഷയുടെയും അടിസ്ഥാനത്തിൽ പ്രവേശനം നടത്തുവാൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 7 സെക്ഷൻ**

നമ്പർ. 5444/AC B 7/2021/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 13.10.2021

---

*പരാമർശം:*-(1) സ്കൂൾ ഓഫ് ലെറ്റേഴ്സ് പഠന വകുപ്പ് ഡയറക്ടർ ബഹു.വൈസ് ചാൻസലർക്ക് സമർപ്പിച്ചിട്ടുള്ള നം.എസ്.ഒ.എൽ/1/2021 തീയതി 12.10.2021കത്ത്.

**ഉത്തരവ്**

സർവ്വകലാശാല പഠന വകുപ്പായ സ്കൂൾ ഓഫ് ലെറ്റേഴ്സിൽ നടത്തുന്ന എം.എ ഇംഗ്ലീഷ്, എം.എ മലയാളം പ്രോഗ്രാമുകളിലേയ്ക്കുള്ള പ്രവേശനം അപേക്ഷകർക്ക് ഒബ്ജക്റ്റിവ് പരീക്ഷയ്ക്കും എഴുത്തു പരീക്ഷയ്ക്കും വാചാ പരീക്ഷയ്ക്കും ലഭിക്കുന്ന മാർക്കിൻറെ അടിസ്ഥാനത്തിൽ നടത്തുന്നതിനാണ് നിശ്ചയിച്ചിരുന്നത്.

മേൽ പരാമർശം (1) പ്രകാരം സ്കൂൾ ഓഫ് ലെറ്റേഴ്സ് പഠന വകുപ്പ് മേധാവി കോവിഡ് -19 മൂലമുള്ള ഇപ്പോഴത്തെ സവിശേഷമായ സാമൂഹിക സാഹചര്യം കണക്കിലെടുത്ത് എഴുത്ത് പരീക്ഷ ഒഴിവാക്കി ഒബ്ജക്റ്റിവ് പരീക്ഷയുടെയും ഓൺലൈൻ വാചാപരീക്ഷയുടെയും അടിസ്ഥാനത്തിൽ പ്രവേശനം നടത്തുവാൻ അനുവദിക്കണമെന്ന് അപേക്ഷ സമർപ്പിച്ചിരുന്നു.

മേൽ അപേക്ഷ വൈസ് ചാൻസലറുടെ ചുമതലയുള്ള പ്രൊ വൈസ് ചാൻസിലർ പരിഗണിക്കുകയും ,സ്കൂൾ ഓഫ് ലെറ്റേഴ്സിലെ എം എ പ്രോഗ്രാമുകളിലെ 2021 വർഷത്തെ പ്രവേശനത്തിന് 80 മാർക്കിനുള്ള എൻട്രൻസ് പരീക്ഷയിലെ മാർക്കിനൊപ്പം 20 മാർക്കിനുള്ള ഓൺലൈൻ വാചാ പരീക്ഷകൂടി നടത്തി ആകെ ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി പ്രവേശനം നടത്തുന്നതിന് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം 3,വകുപ്പ് 10 (17) പ്രകാരം തീരുമാനം കൈകൊള്ളുകയും ചെയ്തു .

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു

മുരളീധരൻ കെ വി

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

(1) വകുപ്പ് മേധാവി, സ്കൂൾ ഓഫ് ലെറ്റേഴ്സ്

(2 ) വൈസ് ചാൻസിലർ/ പ്രോ - വൈസ് ചാൻസലർ എന്നിവരുടെ പി.എസ് മാർക്ക്

(3 ) രജിസ്ട്രാറുടെയും , പരീക്ഷ കോൺട്രോളറുടെയും പി.എ മാർക്ക്

(4 ) ജെ.ആർ 2 (ഭരണം), ഡി.ആർ 2 (അക്കാദമിക്)

(5 ) എ.ആർ 4 (അക്കാദമിക് )

(6) CAT 2021 മോണിറ്ററിംഗ് സമതി അംഗങ്ങൾ

(7) പി.ആർ.ഒ, കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ

Draft #1 of File 137316/AC B7-3/2021/VC SECTION Approved by ASSISTANT REGISTRAR IV (ACADEMIC) on 13-Oct-2021 03:08 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം